മാസത്തെ വേക്കൻസികളാണെങ്കിലും ആളുകളെ നിയമിക്കുകയില്ലെന്നും ഉള്ള വിവരം ഗവൺമെന്റിന് അറിയാമോ, അറിയാമെങ്കിൽ ഇത്തരം ലീവു വേക്കൻസികളിൽ എംപ്ലോയ്മെന്റു എക്സ്ചേഞ്ചിൽനിന്നെങ്കിലും ആളുകളെ നിയമിക്കാൻ ഡി. ഇ. ഒ. മാർക്ക് നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലീവ് വേക്കൻസികളിൽ ആളുകളെ നിയമിക്കുന്നത് പ്രായോഗികമാണോ എന്നുള്ളതിനെപ്പറ്റി അന്വേഷിക്കണം. എത്രകാലത്തേയ്ക്കുള്ള ലീവുവേക്കൻസിയാണ് എന്നുള്ളതിനെപ്പറ്റിയൊക്കെ അന്വേഷിക്കണം. ഷോർട്ടു വേക്കൻസികളിൽ പോകാൻ ചിലർ മടിക്കാറുണ്ട്. അങ്ങനെയുള്ള വിഷമതകൾ കൊണ്ടാണ് പി. എസ്. സി. യുടെ നിയമനത്തിൽ കാലതാമസമുണ്ടാകുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴിയുള്ള നിയമനം എത്രകാലത്തേയ്ക്കാണ്, അത് വിദ്യാലയത്തിന് ഹാനികരമല്ലാതായിരിക്കുമോ എന്നുള്ളതിനെപ്പറ്റിയൊക്കെ അന്വേഷിക്കണം. പിന്നെ സർക്കാർ സ്കൂളുകളിൽ അധ്യാപകൻമാരുടെ ലീവും മറ്റു കാരണങ്ങളും കൊണ്ടാണ് ആളുകൾ ഇല്ലാതെവരുന്നത്. ഏതായാലും ഈ കാര്യത്തെപ്പറ്റിയും പരിശോധിക്കുന്നതാണ്.

தொழிற் கொள்கை

* 89. [327] ஶ்ரீ. என். கண்பதி: கீழ் காணும் விஞ்சுகளுக்கு தொழில் மந்திரி அவர்கள் விடை பகர்வார்களாக:

(எ) இவ்வரசாங்கம் பதவி ஏற்ற பிறகு பொதுவாக கையாளப்பட்டு வரும் தொழிற்கொள்கை என்ன என்று கூறப்படுமா;

(பி) இவ்வரசாங்கம் பதவி ஏற்ற பிறகு தொழில் ஸ்தாபனங்களில் எத்தனை வேலை நிறுத்தங்கள் நடைபெற்றன என்றும் என்னென்ன கொள்கைகளைக் கடைப்பிடித்தன என்றும் கூறப்படுமா?

Minister for Industries and Labour (**Shri P. Ravindran**): (a) The labour policy followed by the present Government is the same as that of the previous Government. The basic policy is to promptly intervene in the labour disputes so as to avoid work stoppages, bring about settlement by conciliation and maintain cordial industrial relations.

(b) There were 135 strikes. The officers of the Labour Department intervened in the disputes that led to the strikes to avert serious developments and adopted necessary steps to maintain industrial peace in the State. The disputes were settled wherever possible by conciliation and further steps, viz. references for arbitration, adjudication, etc. were taken in respect of disputes which could not be settled.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഒരു സബ്മിഷൻ. മേലിലെങ്കിലും തമിഴ് ചോദ്യം തർജ്ജിമചെയ്യുമ്പോൾ മലയാളത്തിൽ തർജ്ജിമചെയ്യാൻ നിർദ്ദേശം കൊടുത്താൽ കൊള്ളാം.

മി. സ്പീക്കർ: അതിനെപ്പറ്റി ഞാൻ ആലോചിക്കാം.

ஶ்ரீ. என். கணபதி: ஸர், இந்தியன் கான்ஸ்டிடியூஷன் பிரகாரம் சமாதானமாக ஆயுதமின்றி கூட்டம் கூடலாம் என்றிருப்பதால் கோரிக்கைக்காக தொழிலாளர்கள் சமாதான முறையில் கராவு செய்வதை இந்த சர்க்கார் அங்கீகரிக்குமா? அல்லது அங்கீகரிக்காமல் இருக்குமா?

ശ്രീ. പി. രവീന്ദ്രൻ: സർ, നിയമപ്രകാരം തൊഴിലാളികൾക്ക് സംഘടിക്കാനും കൂട്ടായി വിലപേശാനും അവകാശമുണ്ട്, ആ അവകാശം

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും നിഷേധിക്കാൻ സാധ്യമല്ല. അന്യായമായി സംഘടിക്കുക, അക്രമം പ്രകടിപ്പിക്കുക, മുതലായ സന്ദർഭങ്ങളിലല്ലാതെ പോലീസിന്റെ ഇടപെടലിന് അവസരമുണ്ടാകുന്നതുമല്ല.

ശ്രീ. എൻ. കണപതി: കടന്ത 20 വരുഷകാലമാക സെർ. ബി. പി. രാമസ്വാമി ഐയർ കാലത്തിലുള്ള സ്റ്റാണ്ടിങ് ആർഡറെ കാൻസൽ ചെയ്തു മാറ്റി അമൈക്ക ഇന്ത സർക്കാർ നടവടിക്കൈ എടുക്കപ്പടുമാ?

ശ്രീ. പി. രവീന്ദ്രൻ: സ്റ്റാൻഡിംഗ് ആർഡറുകളും പുതുക്കുന്നതിനുള്ള നടപടികളും ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഏതാനും ദിവസത്തിനകം മോഡൽ സ്റ്റാൻഡിംഗ് ആർഡറുകളും പ്രസിദ്ധീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. കണപതി: പോലീസ് സ്റ്റേഷനിൽ തൊഴിലാളർകളൈപ് പറ്റി ഏതാവതു കംപ്ലൈന്റ് അല്ലതു പരാതി തൊഴിലാളർകളോ മാനേജരോ കൊടുത്താൽ തൊഴിലാളർകളൈ കൂപ്പിട്ടു പോലീസ് സ്റ്റേഷനിൽ കൊസ്ടിൻ ചെയ്വതു വഴക്കം ഉൾളതു. മാനേജർകൾ തൊഴിലാളർകളൈ കൊടുമൈപ്പടുത്തിയതാക പുകാർ തൊഴിലാളികളിടമിരുന്തു കൊടുത്താൽ പോലീസ് സ്റ്റേഷനിലിരുന്തു മാനേജരൈ കൂപ്പിട്ടു കൊസ്ടിൻ ചെയ്വതില്ലൈ. ഇന്ത വേറുപാടു സർക്കാർ കൊൾകൈയാ എൻപതുമ് മേലുമ് ചട്ടത്തിലില്ലാത ഇന്ത പാരാപട്ചമാന നടവടിക്കൈയൈ മാറ്റപ്പടുമാ?

ശ്രീ. പി. രവീന്ദ്രൻ: തൊഴിൽതർക്കങ്ങളെസംബന്ധിച്ചിടത്തോളം ഇത്തരം കാര്യങ്ങളും ഉണ്ടാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രിമിനൽ ഒഫൻസസിനെപ്പറ്റി ഇങ്ങനെ ചെയ്യുന്നുണ്ടോ എന്നറിഞ്ഞുകൂടാ. പോലീസ് പക്ഷപാതപരമായി പെരുമാറുകയില്ലെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. ഏതെങ്കിലും സംഭവം ചൂണ്ടിക്കാണിച്ചാൽ അതിനെ സംബന്ധിച്ച് നടപടിയെടുക്കാം.

ശ്രീ. എൻ. കണപതി: സെർ, ക്രിമിനൽ കുറ്റപുകാർ കിടൈത്താലുമ് മാനേജർകളൈ കൂപ്പിടുവതു കിടൈയാതു. ആനാൽ തൊഴിലാളർകളൈ കൂപ്പിട്ടു വരുകിറതു. ഇപ്പടി സട്ടമില്ലാത പാരാപട്ചമാക നടവടിക്കൈ നടന്തു വരുവതൈ മാറ്റി അമൈക്ക നമതു സർക്കാർ മുൻവരുമാ?

ശ്രീ. പി. രവീന്ദ്രൻ: ഏതെങ്കിലും പ്രത്യേകമായസംഭവം ചൂണ്ടിക്കാണിച്ചാൽ അതിനെസംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. കെ. കരുണാകരൻ: ഇപ്പോഴും മോഡൽ സ്റ്റാൻഡിംഗ് ഓർഡറുകളുണ്ടെങ്കിലും ആ ഓർഡറുകൾക്കെതിരായിട്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇപ്പോൾ പ്രസിദ്ധപ്പെടുത്താൻ പോകുന്ന ഓർഡർ വ്യവസായസ്ഥാപനങ്ങൾക്കു ബാധകമാകത്തക്ക നിലയിൽ ഒരു നിയമനിർമ്മാണംകൊണ്ടുവരാൻ ആലോചിക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: ആ തരത്തിൽ ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. ഐ. രാജൻ: തൊഴിൽത്തർക്കം പരിഹരിക്കുന്നതിനുവേണ്ടി ആർബിട്രേഷൻ എന്ന നടപടി പൊതുവേ എല്ലാവർക്കും സ്വീകാര്യമാണ്. പക്ഷേ ഈ രാജ്യത്തുള്ള ചില സംഘടനകളും ആർബിട്രേഷൻ നടപടി അംഗീകരിക്കാൻ തയ്യാറായില്ലെന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് അവരെക്കൊണ്ട് അതംഗീകരിപ്പിക്കാൻ ഗവൺമെന്റ് നടപടിസ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ആർബിട്രേഷൻ എന്ന തത്വം അവരെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിന് എന്ത് ചെയ്യണമെന്നുള്ളതിനെസംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടില്ല. ഇപ്പോൾത്തന്നെ ഫ്രാൻറേഷൻ ഒത്തുതീർപ്പുണ്ടാക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് ഒരു സംഘടനയുണ്ട്. ആർബിട്രേഷനു വിടുന്ന കാര്യം കുറവാണെന്നാണ്തോന്നുന്നത്.

ശ്രീ. എം. കെ. ഹമീദ്: തൊഴിൽകുഴപ്പങ്ങളിൽ പോലീസ് ഇടപെടാൻ അനുവദിക്കുകയില്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം എന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ 1969 ഡിസംബർ 29–ാം തീയതി കളമശ്ശേരി പ്രീമിയർ ടയേഴ്സിൽ പോലീസ് ഇടപെടാനുള്ള കാരണമെന്താണ്.

ശ്രീ. പി. രവീന്ദ്രൻ: അതിനെസംബന്ധിച്ച് ഒരു അന്വേഷണം നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് ഈ സന്ദർഭത്തിൽ അതിനെക്കുറിച്ച് പറയുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സമരവും ഘെരാവോയും നിയമവിരുദ്ധമാണെന്നാണോ അതോ നിയമവിരുദ്ധമല്ലെന്നാണോ? ഏതാണ് ഈ ഗവൺമെന്റിന്റെ നയം?

ശ്രീ. പി. രവീന്ദ്രൻ: മുൻഗവൺമെന്റിന്റെ തൊഴിൽ നയമാണ് ഈ ഗവൺമെന്റും അംഗീകരിച്ചുവരുന്നത്.

ശ്രീ. പി. രാമലിംഗം: ചെറുതോട്ടം ഉടമകളും സംഘടിതമായി, നിശ്ചയിക്കപ്പെട്ടിട്ടുള്ള കൂലി കൊടുക്കാതിരിക്കാനും സംഘടിതമായി കൺസിലിയേഷനു പോകാതിരിക്കാനും തീരുമാനിച്ചിട്ടുണ്ട്. അതിനു ഗവൺമെന്റു നടപടിസ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അതിനാവശ്യമായ നടപടിയെടുക്കാം.

ശ്രീ. പി. രാമലിംഗം: ആർബിട്രേഷനെസംബന്ധിച്ചുള്ള ഗവൺമെന്റിന്റെ മനോഭാവം എന്താണ്? ആർബിട്രേഷൻ പ്രോൽസാഹിപ്പിക്കണമെന്നാണോ? അങ്ങനെയാണെങ്കിൽ പൊതുമേഖലാസ്ഥാപനങ്ങളിലെങ്കിലും മാനേജുമെന്റുകളും ആർബിട്രേഷനു വിസമ്മതിക്കാതിരിക്കാനുള്ള നിർദ്ദേശം കൊടുക്കുമോ? ഒത്തുതീർപ്പിലാകാത്ത പ്രശ്നങ്ങളെസംബന്ധിച്ച് ആർബിട്രേഷൻ ആവശ്യപ്പെട്ടാൽ സമ്മതിക്കുന്നതിനു നിർദ്ദേശിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: കഴിയുന്നിടത്തോളം കൂടിയാലോചനകളിൽക്കൂടി തൊഴിൽത്തർക്കങ്ങളും പരിഹരിക്കാനാണ് ഗവൺമെന്റിന്റെ ആഗ്രഹം. അഡ്ജൂഡിക്കേഷനോ ആർബിട്രേഷനോ വിടരുതെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. ഏതെങ്കിലും സാഹചര്യങ്ങളിൽ കൺസിലിയേഷനിൽ പങ്കെടുക്കുന്നതില്ലെങ്കിൽ അവരെ അതിനു പ്രേരിപ്പിച്ചു നോക്കാമെന്നുള്ളതിൽക്കവിഞ്ഞ് എന്തെങ്കിലും ഉണ്ടാക്കാൻകഴിയുമെന്നു തോന്നുന്നില്ല.

ശ്രീ. എ. പി. കുര്യൻ: കൂടിയാലോചനകളിൽകൂടി തൊഴിൽത്തർക്കം പരിഹരിക്കാൻ ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ തങ്ങളുടെ അവകാശങ്ങളും അനുവദിച്ചുകൊടുക്കാത്തതുകൊണ്ട് തൊഴിലാളികളും ചിലപ്പോൾ ധിക്കാരിയായ മുതലാളിയെ തടഞ്ഞുവച്ചാൽ, അതിനെ ഘെരാവോ എന്നു പേരിട്ടാൽ അത്തരം നടപടിയെ ഈ ഗവൺമെന്റ് അനുകൂലക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അത് ഒരു ഹൈപ്പോതെറിക്കൽ ക്വസ്റ്റ്യനാണ്: തടഞ്ഞുവച്ചാൽ എന്തുചെയ്യും? മുൻഗവൺമെന്റിന്റെ തൊഴിൽ നയമാണ് ഈ ഗവൺമെന്റും അംഗീകരിച്ചുവരുന്നത്.

ശ്രീ. എ. പി. കുര്യൻ: മുൻഗവൺമെന്റ് എന്തുചെയ്തു എന്നുള്ളതല്ല.....

Mr. Speaker: It depends upon the particular situation, that is what he said.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: മുൻഗവൺമ്മെൻറിന്റെ തൊഴിൽ നയമാണ് ഈ ഗവൺമ്മെൻറും അംഗീകരിച്ചുവരുന്നതെന്നു പറഞ്ഞു. ഗവൺമ്മെൻറും തൊഴിലാളികളുംതമ്മിലുള്ള തൊഴിൽത്തർക്കങ്ങളിൽ, സെക്രട്ടറിയേറ്റിനുമുൻപിൽ സമരംനടത്തുന്ന തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി മുദ്രാവാക്യം വിളിക്കാൻപോലും അനുവാദംകൊടുത്തിട്ടില്ലെന്നുള്ളത് അവരുടെ ആവശ്യങ്ങൾ അറിയിക്കാൻ അനുവദിച്ചിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ മുൻഗവൺമ്മെൻറിന്റെ നയത്തിൽ നിന്നു വ്യത്യസ്തമായി സെക്രട്ടറിയേറ്റിനുമുൻപിൽ അവകാശസമരം നടത്തുന്ന തൊഴിലാളികൾക്ക് മുദ്രാവാക്യം വിളിക്കാനുള്ള അവകാശമെങ്കിലും കൊടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പ്രത്യേകമായ ചില സാഹചര്യങ്ങളിലാണ് അങ്ങനെ ചെയ്തിരുന്നത്. അല്ലാതെ തൊഴിലാളികളുടെ അവകാശത്തെ നിഷേധിക്കാനോ സമരത്തെ തോൽപ്പിക്കാനോ അല്ല.

ഡോക്ടർ ജോർജ്തോമസ്: മുൻഗവൺമ്മെൻറിലെ തൊഴിൽകാര്യമന്ത്രിയായിരുന്ന ശ്രീ. മത്തായിമാഞ്ഞൂരാൻ ഹെരാവോ ഭരണഘടനാപരമായ അവകാശമാണെന്നു പ്രസ്താവിക്കുകയും ഹെരാവോ തൊഴിലാളികളുടെ അവകാശമായി ഈ ഗവൺമ്മെൻറ് അംഗീകരിക്കുന്നു എന്ന് പറയുകയുംചെയ്തിട്ടുണ്ട്. ആ നയംതന്നെയാണോ ഇപ്പോഴത്തെ തൊഴിൽകാര്യമന്ത്രിയും തുടങ്ങുന്നത്?

ശ്രീ. പി. രവീന്ദ്രൻ: ഞാൻ രേഖകൾ പരിശോധിച്ചു നോക്കി. അദ്ദേഹം അങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതായിക്കാണുന്നില്ല. ഹെരാവോ പ്രോൽസാഹിപ്പിക്കാൻ ഈ ഗവൺമ്മെൻറുദ്ദേശിക്കുന്നില്ല. പ്രത്യേകമായ ചില സാഹചര്യങ്ങളിൽ ഹെരാവോ നടത്തുന്നത് ന്യായീകരിക്കാമെങ്കിലും എല്ലാ കാര്യങ്ങളിലും ഹെരാവോ അംഗീകരിക്കുന്നില്ല. അതു ശരിയാണെന്നു കരുതുന്നുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എല്ലായിടത്തും ഹെരാവോ ആരും ചെയ്യാറുമില്ല. ന്യായമായ തരത്തിലുള്ള ഹെരാവോ എന്നു പറയുന്ന ഹെരാവോ കൾ പ്രോൽസാഹിപ്പിക്കണമെന്നാണോ ഈ ഗവൺമ്മെൻറുദ്ദേശിക്കുന്നത്?

ശ്രീ. പി. രവീന്ദ്രൻ: ഒരു ഡിമാൻറു വച്ചിട്ട് അടുത്തദിവസം ഹെരാവോ നടത്തിയിട്ടുള്ള പരാതികളുണ്ട്. അതു ഞാൻ കണ്ടിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഹെരാവോ തൊഴിലാളിവർഗ്ഗത്തിന്റെ സമരമാർഗ്ഗമായി അംഗീകരിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഇല്ല.

ശ്രീ. കെ. ടി. ജോർജ്: ഹെരാവോ എന്നു പറയുന്നത് അന്യായമാണെന്നും അങ്ങനെയുള്ള അന്യായമായ തത്വങ്ങൾ നിയമവിരുദ്ധമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിന് ശക്തമായ നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ശക്തമായ നിലപാടു സ്വീകരിക്കാൻ കഴിയുമോ എന്നുള്ളത് പറയുന്നില്ല. അന്യായമായ തത്വങ്ങൾ എന്നു പറയുന്നത് ക്രിമിനൽ ഒഫൻസ് ആണ്.

ശ്രീ. എ. വി. ആര്യൻ: സർ, മുൻഗവൺമ്മെൻറിന്റെ തൊഴിൽനയത്തെ കേരളകോൺഗ്രസ്സു ഈ അസംബ്ളിയിൽവച്ച്തന്നെ എതിർത്തിട്ടുണ്ട്. ആ കേരളകോൺഗ്രസ്സു ഉൾപ്പെടെയുള്ള ഈ ഗവൺമ്മെൻറ് ഹെരാവോ അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: അംഗീകരിച്ചുകൊണ്ടുതന്നെയാണ് കേരളാകോൺഗ്രസ്സു ഗവൺമ്മെൻറിൽ പങ്കാളികളായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ ജോർജ് തോമസ്: ഈ ഗവൺമെന്റ് ഹെലാവോ തൊഴിലാളി വർഗ്ഗത്തിന്റെ സമരമാർഗ്ഗമായി അംഗീകരിക്കുന്നില്ലെന്നു വളരെവ്യക്തമായി ഇപ്പോഴും തൊഴിൽകാര്യമന്ത്രി മറുപടി പറഞ്ഞു. മുൻഗവൺമെന്റും മുൻ തൊഴിൽകാര്യമന്ത്രിയും ഹെലാവോ ഒരു സമരമാർഗ്ഗമായി അംഗീകരിച്ചിരുന്നു എന്നു പ്രസ്താവിച്ചിട്ടുണ്ട്. ഈ രണ്ടു വസ്തുതകളും ഇരിക്കേ കഴിഞ്ഞ ഗവൺമെന്റിന്റെ തൊഴിൽനയംതന്നെയാണ് ഈ ഗവൺമെന്റും അനുവർത്തിക്കുന്നത് എന്നു പറയുന്നത് എങ്ങനെ പൊരുത്തപ്പെടും? അതൊന്നു വ്യക്തമാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അദ്ദേഹം അങ്ങനെ പ്രഖ്യാപിച്ചത് അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായമായിരിക്കും. ഗവൺമെന്റ് അങ്ങനെ പ്രഖ്യാപിച്ചിട്ടില്ല. ഗവൺമെന്റിന്റെ നയം എന്തായിരിക്കുമെന്ന് ഐക്യമുന്നണിയുടെ പ്രകടനപത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ: ഹെലാവോ ഒരു സമരായുധമായിട്ട് ഈ ഗവൺമെന്റ് അംഗീകരിക്കുന്നില്ലെന്നു പറയുകയും അതേസമയംതന്നെ ന്യായമായ തൊഴിൽസമരങ്ങളിൽ ചില ധിക്കാരികളായ മുതലാളിമാരെ തടഞ്ഞുവയ്ക്കുമ്പോഴും അതു പരിഗണിക്കുകയും ഇങ്ങനെ പരസ്പരവിരുദ്ധമായിട്ട് ഒരു മന്ത്രിതന്നെ രണ്ടു തരത്തിൽ ഉത്തരം പറയുന്നതിന് ഒരു വിശദീകരണം തരാമോ?

ശ്രീ. പി. രവീന്ദ്രൻ: ഞാൻ അങ്ങനെയല്ല പറഞ്ഞത്. പ്രത്യേകമായ സാഹചര്യങ്ങളിൽ ചിലപ്പോഴും ഹെലാവോ ന്യായീകരിക്കപ്പെടാമെങ്കിലും സാധാരണഗതിയിൽ ശരിയല്ലെന്നാണ് പറഞ്ഞത്. രണ്ടുതരത്തിൽ ഞാൻ പറഞ്ഞില്ല.

ശ്രീ. എം. കെ. ദിവാകരൻ: ഈ ഗവൺമെന്റിന്റെ തൊഴിൽനയം മുൻഗവൺമെന്റിന്റെ തൊഴിൽനയത്തിന്റെ തുടർച്ചയാണെന്നു പറഞ്ഞു. മുൻഗവൺമെന്റു പൂഞ്ഞാറിലും മൂന്നാറിലും സ്വീകരിച്ച നടപടിയാണോ ഈ ഗവൺമെന്റും കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

ശ്രീ. പി. രവീന്ദ്രൻ: പ്രകടനപത്രികയിൽ ഗവൺമെന്റിന്റെ തൊഴിൽനയം എന്തായിരിക്കുമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അതാണ് ഈ ഗവൺമെന്റിന്റെ നയം.

ശ്രീ. ഇ. ജോൺജേക്കബ്: മുൻമുഖ്യമന്ത്രിതന്നെ ഹെലാവോ എന്നു പറയുന്നത് ഒബ്സ്ട്രക്ഷൻആണെങ്കിൽ തെറ്റാണെന്നു വ്യക്തമായി പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അതെല്ലാം മിക്കവാറും ശ്രദ്ധയിൽപ്പെടാറുണ്ട്.

ശ്രീ. എം. സദാശിവൻ: ബുദ്ധിമുട്ടും പരാതിയും കുറഞ്ഞ 'പകുമായ' പരിതഃസ്ഥിതിയിലാണെങ്കിൽ ഹെലാവോ അംഗീകരിക്കാമല്ലോ;

ശ്രീ. പി. രവീന്ദ്രൻ: ശ്രീ. ടി കെ. രാമകൃഷ്ണന്റെ ചോദ്യത്തിനുത്തരമായിട്ടാണു ഞാൻ പറഞ്ഞതു പ്രത്യേകമായ സാഹചര്യത്തിൽ ചില ഹെലാവോ ന്യായീകരിക്കാമെങ്കിലും സാധാരണഗതിയിൽ ഗവൺമെന്റ് അംഗീകരിക്കുന്നില്ല എന്ന്. ഡിമാൻഡ് കൊടുത്തതിന്റെ അടുത്തദിവസം ഹെലാവോ നടത്തിയിട്ടുള്ള ഉദാഹരണങ്ങളും ഉണ്ട്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: അസംബ്ലി നടക്കുമ്പോഴും റോഡിൽക്കൂടി മുദ്രാവാക്യം വിളിക്കാൻ പാടില്ലെന്ന് പ്രത്യേകം വ്യവസ്ഥ ഉണ്ടാക്കിയതായി അറിയുന്നു. അസംബ്ലി സമ്മേളനം നടക്കുമ്പോഴാണു ആവശ്യങ്ങളും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താൻ സൗകര്യം കിട്ടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അസംബ്ലി സമ്മേളനം നടക്കുമ്പോഴും മുദ്രാവാക്യം വിളിക്കാൻ പാടില്ലെന്നു പ്രത്യേകം നിർദ്ദേശിച്ചിട്ടില്ലേ?

ശ്രീ. പി. രവീന്ദ്രൻ: അതു പ്രത്യേകസാഹചര്യത്തിലാണ്.

മി. സ്പീക്കർ: ഈ സഭയിൽത്തന്നെ ഇതിനുമുമ്പു വ്യക്തമാക്കിയിട്ടുള്ളതാണ്.

ശ്രീ. ആർ. കൃഷ്ണൻ, (പാലക്കാട്): 135 സ്ട്രൈക്കുകളും നടന്നതായി പറഞ്ഞു. ട്രാൻസ്പോർട്ടുസമരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കഴിഞ്ഞ ഒരുമാസക്കാലം സത്യാഗ്രഹം നടത്തിയിട്ടുണ്ട്. അനുരഞ്ജനം നടത്താനോ കൂടിയാലോചനയ്ക്കു വിളിക്കാനോ ലേബർഡിപ്പാർട്ടുമെൻറോ ലേബർമന്ത്രിയോ നടപടി എടുക്കാത്തത് എന്തുകൊണ്ടാണ്?

ശ്രീ. പി. രവീന്ദ്രൻ: മറെറാരു ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഉള്ളതും കൂടിയാലോചനകൾ ആ ഡിപ്പാർട്ടുമെൻറിന്റെ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നതും ആയ കാര്യമായതുകൊണ്ടാണ് ലേബർ ഡിപ്പാർട്ടുമെൻറ് ഉടനടി ഇടപെട്ട് അനുരഞ്ജനം നടത്താതിരിക്കുന്നത്.

ശ്രീ. പി. കുഞ്ഞൻ: ഘെരാവോ ഈ ഗവൺമെൻറ് അംഗീകരിക്കുന്നില്ലെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ, ഈ ഗവൺമെൻറ് അധികാരം ഏറെറടുത്തശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിക്കാർ ഒലവക്കോട് ഒരു ഘെരാവോ നടത്തി. ആ ഘെരാവോയുടെ സ്വഭാവം എന്താണ്?

മി. സ്പീക്കർ: ആർഡർ, ആർഡർ. ഘെരാവോ അംഗീകരിക്കുന്നില്ലെന്നു പറഞ്ഞു. മറെറുവിധത്തിലുള്ള ഘെരാവോകളെപ്പററി ചോദിച്ചിട്ടു കാര്യമില്ല.

കാർഷികത്തൊഴിലാളികൾക്ക് വെൽഫയർ ഫണ്ട്

* 90 (328) ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കാർഷികത്തൊഴിലാളികൾക്ക് ഒരു 'വെൽഫെയർ ഫണ്ട്' ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): ഇല്ല.

ശ്രീ. കെ. കെ. കുമാരപിള്ള: സർ, താരതമ്യേന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും സാമുദായികവിഭാഗങ്ങൾ കൂടുതലില്ലാത്തതുമായ തൊഴിലാളിവിഭാഗമായതുകൊണ്ടാണോ വെൽഫയർ ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു പറയുന്നത്?

ശ്രീ. പി. രവീന്ദ്രൻ: കർഷകത്തൊഴിലാളികൾക്ക് വേണ്ടത് വെൽഫെയർ ഫണ്ടുതന്നെ ആയിരിക്കണമെന്നു ഗവൺമെൻറു കരുതുന്നില്ല. കർഷകത്തൊഴിലാളികൾക്കു ഫെയർവേജു നിശ്ചയിക്കുകയും കർഷകത്തൊഴിലാളികളും കർഷകരും തമ്മിൽ തർക്കമുണ്ടാകുന്ന സമയത്ത് തർക്കങ്ങൾ പരിഹരിക്കുന്നതിനു നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. അതിനു വേണ്ടി ഒരു നിയമനിർമ്മാണത്തിനും നടപടി എടുത്തിട്ടുണ്ട്. താമസിയാതെ അതുസംബന്ധിച്ച ഒരു ബിൽ സഭയിൽ അവതരിപ്പിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly